# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്സ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - മുടി മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിലേയ്ക്ക് ആഷ് ലോജിക്സ് എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 31.12.2014 ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.12.2023 ലെ 6482/C4/2023/SM നമ്പർ നടപടിക്രമം

3. 13.08.2018 ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 3.6-ാം നമ്പർ തീരുമാനം.

4. 18-11-2023-ലെ 6479/C4/2023/SM നം. താൽപര്യപത്രം.

5. 13.02-2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നം: 6479/C4/2023/SM തീയതി: 12.03.2024

ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനു കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവായിരുന്നു. ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി പുനർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവനദാതാക്കളെ എംപാനൽ ചെയ്യുന്നതിന്/ മാലിന്യ സംസ്കരണ ഉപാധികൾ അംഗീകരിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ സംസ്കരണ (അജൈവം) പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ ടെക്നോളജി/ പ്ലാൻ്റുകൾ സ്ഥാപിക്കുന്നതിന് യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം ആഷ് ലോജിക്സ് എന്ന ഏജൻസി മുടി മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേയ്ക്ക് ശുചിത്വ മിഷന്റെ സേവനദാതാവാകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ സാങ്കേതിക സമിതി യോഗത്തിൽ ടി ഏജൻസി സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും, ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസി Effluent Water ടെസ്റ്റ് ചെയ്ത് സമർപ്പിക്കുന്നതിനും, ബന്ധപ്പെട്ട മേഖലയിൽ ടി ഏജൻസിക്ക് എംപാനൽ നൽകുന്നതിനും സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഏജൻസി Effluent Water ടെസ്റ്റ് ചെയ്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള **ആഷ് ലോജിക്സ്, 16/1129, നിദ, കഞ്ചിക്കോട്, പുതുശ്ശേരി, പാലക്കാട്-678621** എന്ന ഏജൻസിക്ക് മുടി മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേയ്ക്ക് ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസിയായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക്

വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ **ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക്** ആയിരിക്കും.

| Sl. No. | Name of Agency | Area Recommended |
|---|---|---|
| 1 | Ash Logix, 16/1129, Nida, Kanjikode, Pudusseri, Palakkad - 678 621 Ph: 9447771981 ashlogixkjd@gmail.com | Collection and treatment of Hair waste (converted into Organic Fertilizer) in DBOT mode |

**നിബന്ധനകൾ**

1. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും. ആയതിന് ശേഷം പ്രവർത്തനകാര്യക്ഷമത വിലയിരുത്തി എംപാനൽമെന്റ് പുതുക്കി നൽകുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്.
2. എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ കരാറിന്റെ പകർപ്പ്, വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
5. എംപാനൽ ചെയ്യപ്പെടുന്ന ഏജൻസി, അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ പ്രകാരം പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതും, കേന്ദ്ര മലിനീകരണ നിയന്ത്ര ബോർഡിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള സംസ്കരണ സംവിധാനങ്ങൾ ഉറപ്പ വരുത്തി, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള സ്റ്റാന്റേർഡ്സ് പാലിച്ചുകൊണ്ടുള്ള ഫൈനൽ കമ്പോസ്റ്റ് നിർമ്മാണം ഉറപ്പ വരുത്തേണ്ടതുമാണ്.
6. നിലവിലെ മാലിന്യ ശേഖരണ- സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും പാലിച്ചുമാത്രമേ മുടി മാലിന്യം ബാർബർ ഷോപ്പ്, ബ്യൂട്ടീ പാർലർ മുതലായ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുവാൻ പാടുള്ളൂ.
7. ബാർബർ ഷോപ്പ്, ബ്യൂട്ടീ പാർലർ മുതലായ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന മുടി മാലിന്യത്തിനൊപ്പം ഉണ്ടാകുവാൻ ഇടയുള്ള അജൈവ മാലിന്യങ്ങൾ, ടിഷ്യൂ പേപ്പർ, കെമിക്കൽസ്

എന്നിവ ശാസ്ത്രീയ സംസ്കരണത്തിനായി അംഗീകൃത സ്ഥാപനങ്ങൾക്ക്/ ഡിസ്പോസൽ ഫെസിലിറ്റികൾക്ക് കൈമാറേണ്ടതാണ്.

8. ടി ഏജൻസി സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ നിന്നും പൂർണ്ണമായും കമ്പോസ്റ്റാകാത്ത മുടിമാലിന്യം/ മറ്റ് അസംസ്കൃത വസ്തുക്കൾ/ ഉപഉത്പ്പന്നങ്ങൾ/ റിജക്ട്സ് എന്നിവ മൂലം അന്തരീക്ഷ മലിനീകരണം ഉണ്ടാകാതിരിക്കുന്നതിലേക്ക്, ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതും, അടിക്കടിയുള്ള പരിശോധന നടത്തി എംപാനൽ ചെയ്യപ്പെടുന്ന ഏജൻസി ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.
9. ഏജൻസിയുടെ പ്രവർത്തന മികവ് ശുചിത്വ മിഷൻ വിലയിരുത്തുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.
10. മുടി മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിലേക്കുള്ള യൂസർ ഫീസ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ/ അവരുടെ അസോസിയേഷനുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്.
11. എംപാനൽചെയ്യപ്പെടുന്ന ഏജൻസി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
13. കമ്മ്യൂണിറ്റിതല ഉപാധികൾ നിലവിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ സ്ഥാപിക്കുവാൻ പാടുള്ളൂ. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതികൾ നേടിയ ശേഷം മാത്രമേ ടി പ്ലാന്റുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.
14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി കമ്മ്യൂണിറ്റിതല ഉപാധികൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്ന പക്ഷം നിർബന്ധമായും ടി പ്ലാന്റിന്റെ തുടർ പ്രവൃത്തി പരിപാലനം (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) കുറഞ്ഞത് 3 വർഷം എങ്കിലും ഉറപ്പ് വരുത്തേണ്ടതും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കൽ നിർബന്ധമായും അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ/ പ്ലാന്റുകൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.
15. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
16. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
17. എംപാനൽചെയ്യപ്പെടുന്ന ഏജൻസി മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്, മേൽ പറഞ്ഞ നിബന്ധകൾക്ക് ഉപരിയായി ഏജൻസി മുഖാന്തിരമുള്ള പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, സേവനദാതാക്കളുടെ സേവനം തൃപ്തികരമല്ലാത്ത പക്ഷമോ ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ ടി സേവനദാതാക്കളുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിനും, യാതൊരു അറിയിപ്പും കൂടാതെ

ഏതു സമയത്തും ഏജൻസിയുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

18. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ആഷ് ലോജിക്സ്,
16/1129, നിദ,
കഞ്ചിക്കോട്,
പുതുശ്ശേരി, പാലക്കാട് - 678621

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2.ഡയറക്ടർ LSGD(Urban)(അറിവിലേയ്ക്ക്)
3.ഡയറക്ടർ LSGD(Rural)(അറിവിലേയ്ക്ക്)
4. ഗ്രാവികസന കമ്മീഷണർ (അറിവിലേയ്ക്ക്)
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
7. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
8. ബന്ധപ്പെട്ട എല്ലാ സേവന ദാതാകൾക്കും
9. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
10. എസ്.ഐ.ആർ.ഡി, കൊട്ടരക്കര
11. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.